ദേശാഭിമാനി
IDUKKI EDITION
Dated : 25-12-2024
Page No : 2 Column No : 6

# ജില്ലാ ത്രോബോൾ ചാമ്പ്യൻഷിപ്പ്: മാങ്കുളവും പഴയവിടുതിയും ജേതാക്കൾ

രാജാക്കാട്: ജില്ലാ മിനി - സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ് രാജാക്കാട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽവച്ച് നടത്തി. മിനി ആൺകുട്ടികളുടെ വിഭാഗത്തിൽ മാങ്കുളം സെന്റ് മേരീസ് ത്രോബോൾ ക്ലബ് ഒന്നാം സ്ഥാനവും പഴയവിടുതി ഗവ. യുപി സ്കൂൾ രണ്ടാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ പഴയവിടുതി ഗവ. യുപി സ്കൂൾ ഒന്നാം സ്ഥാനവും മാങ്കുളം സെന്റ് മേരീസ് ത്രോബോൾ ക്ലബ് രണ്ടാം സ്ഥാനവും നേടി. സബ് ജൂനിയർ വിഭാഗം ആൺകുട്ടികളുടെ മത്സരത്തിൽ മാങ്കുളം സെന്റ് മേരീസ് സ്കൂൾ ഒന്നാം സ്ഥാനവും പഴയവിടുതി ഗവ. യുപി സ്കൂൾ രണ്ടാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ മാങ്കുളം സെന്റ് മേരീസ് സ്കൂൾ ഒന്നാം സ്ഥാനവും പഴയവിടുതി ഗവ. യുപി സ്കൂൾ രണ്ടാം സ്ഥാനവും നേടി.

Mathrubhumi
മാതൃഭൂമി
IDUKKI EDITION
Dated : 18-12-2024
Page No : 2 Column No : 6

# ത്രോബോൾ ചാംപ്യൻഷിപ്പ്

രാജാക്കാട് ● രണ്ടാമത് ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പും എട്ടാമത് ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പും 23 ന് രാജാക്കാട് ഗവ.സ്കൂൾ മൈതാനത്ത് നടക്കും. 19 ന് മുൻപായി മത്സരാർഥികളുടെയും ടീമിന്റെയും രജിസ്ട്രേഷൻ www.throwballkerala.com എന്ന വെബ്സൈറ്റിൽ പൂർത്തിയാക്കണം. സബ് ജൂനിയർ വിഭാഗം 2010 ജനുവരി 1 ന് മുൻപ് ജനിച്ചവരും, മിനി വിഭാഗം 2012 ജനുവരി 1 ന് മുൻപും ജനിച്ചവരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 7558967114